# ശിശു സംരക്ഷണ പദ്ധതികൾ



**Dr. Naveen A**
DPM, National Health Mission, Kozhikode

കുഞ്ഞുങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ നടപ്പിലാക്കുന്ന വിവിധങ്ങളായ ശിശു സംരക്ഷണ പദ്ധതികൾ.

**ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്**

കേരളത്തിലെ പൊതുമേഖലാ ഡെലിവറി പോയിന്റുകളിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്ന ആരോഗ്യ പരിശോധനാ സേവനമാണ് ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്. നവജാത ശിശുക്കളിൽ എന്തെങ്കിലും വൈകല്യങ്ങൾ / ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് നേരത്തെ തന്നെ തിരിച്ചറിയുന്നതിനും ഉചിതമായ ചികിത്സ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നു.

**വി.ബി.ഡി സ്ക്രീനിംഗ്**

പ്രസവം നടക്കുന്ന ആശുപത്രികളിൽ നവജാതശിശുക്കളുടെ വൈകല്യങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള പരിശോധനയാണിത്. കുഞ്ഞ് ജനിച്ച് 24 മണിക്കൂറിനുള്ളിൽ നവജാത ശിശുവിനെ ശലഭം സ്റ്റാഫ് നഴ്സ് അല്ലെങ്കിൽ ആർ.ബി.എസ്.കെ നഴ്സ് സ്ക്രീൻ ചെയ്യുകയും പ്രത്യക്ഷത്തിൽ ഏതെങ്കിലും വൈകല്യങ്ങൾ കണ്ടെത്തിയാൽ ശിശുരോഗ വിദഗ്ധനെ കാണുകയും ചെയ്യുന്നു. നവജാത ശിശു സ്ക്രീനിംഗിന് വിധേയരായ എല്ലാ കുഞ്ഞുങ്ങളെ യും Jatak Seva മൊബൈൽ ആപ്പ് ഉപയോഗിച്ച് ശലഭം ചൈൽഡ് ഹെൽത്ത് പോർട്ടലിൽ എൻറോൾ ചെയ്യുകയും അവർക്ക് വി.ബി.ഡി ഐ.ഡി എന്ന പേരിൽ ഒരു പ്രത്യേക ഐഡന്റിഫിക്കേഷൻ നമ്പർ നൽകുകയും ചെയ്യുന്നു.

**പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്**

CCHD (Critical congenital heart disease) നേരത്തേ കണ്ടെത്തുന്നതിനായി ആരംഭിച്ച പരിശോധനയാണ് പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്. കുഞ്ഞ് ജനിച്ചു 24-48 മണിക്കൂറിനകം റീഡിംഗുകൾ രേഖപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും കൈമാറുകയും ചെയ്യുന്ന ഇൻ-ബിൽറ്റ് സോഫ്റ്റ് വെയർ ഉപയോഗിച്ചിട്ടുള്ള നിർദ്ദിഷ്ഠ PO മെഷീൻ ഉപയോഗിച്ച് നവജാത ശിശുവിന് പൾസ് ഓക്സിമെട്രി പരിശോധന നടത്തുന്നു.

Pulse Oximetry screening and cardiac physical examination – ശരീരത്തിലെ ഓക്സിജന്റെ അളവ് നോക്കുകയും ശ്വാസകോശത്തിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. പൾസ് ഓക്സിമെട്രി റീഡിംഗുകൾ ഫെയിൽ ആകുന്ന കുട്ടികളെ ശിശുരോഗ വിദഗ്ധനെ കാണിക്കുകയും എക്കോ എടുത്ത ശേഷം ഹൃദയ വൈകല്യം ഉള്ള കുട്ടികളെ ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.

**NEO CRADLE**

"A comprehensive newborn care management system"

OAE **സ്ക്രീനിംഗ്**

കുഞ്ഞ് ജനിച്ച് ഏകദേശം 48 മണിക്കൂറിനുള്ളിൽ OAE മെഷീൻ ഉപയോഗിച്ച് പരിശീലനം ലഭിച്ച നഴ്സുമാരാണ് ഹിയറിംഗ് സ്ക്രീനിംഗ് നടത്തുന്നത്. റഫർ ചെയ്ത കേസുകൾ DEIC കൾ അല്ലെങ്കിൽ NPPCD തലത്തിൽ ഫോളോ അപ്പ്/തുടർ ചികിത്സ നടത്തുകയും കേൾവി സഹായികൾ ആവശ്യമായ കുട്ടികൾക്ക് ആർ.ബി.എസ്.കെ പദ്ധതി വഴി അത് നൽകുകയും ചെയ്യുന്നു.

**മെറ്റബോളിക്ക് സ്ക്രീനിംഗ്**

Inborn Errors of Metabolism (IEM) Screening – കുഞ്ഞിന് ജനിതകമായി ഹോർമോൺ സംബന്ധിയായ പ്രവർത്തനങ്ങളിൽ ഏതെങ്കിലും അപാകതകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നു. കുഞ്ഞ് ജനിച്ച് -48 മണിക്കൂറിന് ശേഷം കുതികാൽ കുത്തി രക്തം ശേഖരിക്കുകയും ബ്ലോട്ടിംഗ് പേപ്പറിൽ ശേഖരിച്ച രക്ത സാമ്പിൾ ഉണക്കിയ ശേഷം RPH ലാബുകളിലേക്ക് കൊണ്ടുപോകുന്നു. നിയോനേറ്റൽ ടി.എച്ച്.എസ്, 17 OHP G6PD, ഗാലക്ടോസീമിയ എന്നീ ഹോർമോൺ വ്യതിയാനങ്ങൾ ആണ് ഈ രക്ത പരിശോധനകളിലൂടെ കണ്ടെത്തുന്നത്.

**ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം)**

കുട്ടികളിലെ ജനന വൈകല്യങ്ങൾ, വളർച്ചാമാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തെരഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പിന്തുണയോടെ കേരളത്തിൽ നടപ്പിലാക്കി വരുന്ന ഒരു ആരോഗ്യ പദ്ധതിയാണ് ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം). സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയിൽ നിന്ന് വ്യത്യസ്തമായി അംഗൻവാടികൾ / കിൻഡർ ഗാർഡൻ / പ്ലേ സ്കൂളുകൾ എന്നിവടങ്ങളും രോഗ പ്രതിരോധ കുത്തിവെപ്പ് സെക്ഷനുകളും കേന്ദ്രീകരിച്ച് ആരോഗ്യ സ്ക്രീനിംഗ് നടത്തുന്നതിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 6 വയസ്സ് വരെയുള്ള കുട്ടികളിൽ ജനന വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തെരഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തി ആവശ്യമായ ചികിത്സാ സേവനങ്ങൾ എത്രയും നേരത്തെ ഉറപ്പാക്കുന്നതിന് ഈ പദ്ധതി ഊന്നൽ നൽകുന്നു.

മേൽ പറഞ്ഞിരിക്കുന്ന ആരോഗ്യ സ്ക്രീനിംഗ് സ്കൂളുകൾ/ അംഗൻവാടികൾ / കിൻഡർ ഗാർഡൻ / പ്ലേ സ്കൂളുകൾ എന്നിവടങ്ങൾ കേന്ദ്രീകരിച്ച് നിയോഗിച്ചിട്ടുള്ള പരിശീലനം ലഭിച്ച ആർ.ബി.എസ്.കെ നഴ്സുമാർ നടത്തുന്നു. പരിശോധനക്ക് ശേഷം ആവശ്യമായ തുടർ നടപടികളും / ഫോളോ അപ്പും ആർ.ബി.എസ്.കെ നഴ്സുമാർ ഉറപ്പാക്കുന്നു.

**ഡി.ഇ.ഐ.സി**

കോഴിക്കോട് ഗവ.ജനറൽ ആശുപത്രിയിലെ വാർഡ് നമ്പർ 2 ൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സി ജന്മനാ ഉള്ള വൈകല്യങ്ങളും, വളർച്ചയിലും വികാസത്തിലും ഉള്ള കാലതാമസവും നേരത്തേയുള്ള ഇടപെടലും തെറാപ്പി സെക്ഷനുകളും നൽകുന്നത് വഴി പരിഹരിക്കുകയും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

**ഹൃദ്യം**

കുട്ടികളിൽ കണ്ടുവരുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ സൗജന്യമായി പരിഹരിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിക്കായി പ്രത്യേകം തയ്യാറാക്കിയ വെബ്സൈറ്റ് www.hridyam.kerala.gov.in നിലവിൽ ഉണ്ട്. ഈ വെബ്സൈറ്റിൽ കുട്ടികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും രജിസ്റ്റർ ചെയ്യാം. ഈ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്ന കേസുകൾ സമയ ബന്ധിതമായി പരിഹരിച്ച് നൽകുന്നു.

**വളർച്ചാ ഹോർമോൺ റിപ്ലേസ്മെന്റ് തെറാപ്പി**

വളർച്ചാ ഹോർമോണിന്റെ (HG) കുറവും ഉയരക്കുറവിന് കാരണമാകുന്ന മറ്റ് അവസ്ഥകളും കണ്ടെത്തിയ കുട്ടികൾക്കാണ് ഗ്രോത്ത് ഹോർമോൺ കുത്തിവെപ്പ് ചികിത്സ നിർദ്ദേശിക്കുന്നത്. 18 വയസ്സിന് താഴെയുള്ള വളർച്ച കുറവുള്ള കുട്ടികൾക്കാണ് സൗജന്യമായി ചികിത്സ നൽകുന്നത്. ഒഎ കുറവ്, ടർണർ സിൻഡ്രോം അല്ലെങ്കിൽ ഒഎ തെറാപ്പി സൂചിപ്പിക്കുന്ന മറ്റ് അവസ്ഥകൾ എന്നിവ സ്ഥിതീകരിക്കുന്നതിന് ആദ്യം വിവിധ പരിശോധനകൾ നടത്തണം. വിദഗ്ധ പരിശോധനക്കായി മെഡിക്കൽ കോളേജിലെ ടെക്നിക്കൽ കമ്മിറ്റിക്ക് മുൻപിൽ ഹാജരായി കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച കുട്ടികളെ സ്റ്റേറ്റ് അംഗീകാരത്തോട് കൂടി ജില്ലയിലെ ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി) വഴി കാരുണ്യ ഫാർമസി മുഖേനയാണ് മരുന്ന് നൽകുന്നത്. വളർച്ചയിലെ പുരോഗമനം പ്രതിമാസം ഡി.ഇ.ഐ.സി യിലൂടെ വിലയിരുത്തി മൂന്ന് മാസത്തിൽ ഒരിക്കൽ ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയാണ് തുടർന്ന് മരുന്ന് നൽകുന്നത്.

**അനുയാത്ര എം.ഐ.യു (മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്)**

ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്ററിന്റെ സേവനം വീട്ടുപടിക്കൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സാമൂഹിക സുരക്ഷ മിഷന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അനുയാത്ര. ഈ പദ്ധതിയിൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, സ്പെഷ്യൽ എജ്യുക്കേറ്റർ, ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നു.

| DAYS | MIU 1 | MIU 2 |
|---|---|---|
| തിങ്കൾ | സാമൂഹ്യ ആരോഗ്യകേന്ദ്രം, തലക്കളത്തൂർ | സി.എച്ച്.സി തിരുവങ്ങൂർ |
| ചൊവ്വ | ഫാമിലി ഹെൽത്ത് സെന്റർ, ചാലിയം | ഫാമിലി ഹെൽത്ത് സെന്റർ, പെരുമണ്ണ |
| ബുധൻ | സാമൂഹ്യ ആരോഗ്യകേന്ദ്രം, മേലടി | സാമൂഹ്യ ആരോഗ്യകേന്ദ്രം, കോടഞ്ചേരി(CDMC |
| വ്യാഴം | താലൂക്ക് ആശുപത്രി,താമരശേരി | താലൂക്ക് ആശുപത്രി, ബാലുശ്ശേരി |
| വെള്ളി | താലൂക്ക് ആശുപത്രി, പേരാമ്പ്ര | സാമൂഹ്യ ആരോഗ്യകേന്ദ്രം, വളയം |
| ശനി | സാമൂഹ്യ ആരോഗ്യകേന്ദ്രം, തിരുവള്ളൂർ | താലൂക്ക് ആശുപത്രി, ഫറോക്ക് |

SAANS (Social Awareness and Actions to Neutralize Pneumonia)

കുട്ടികളുടെ ഇടയിൽ ന്യൂമോണിയ ബാധ തടയുന്നതിനും അതിന്റെ ചികിത്സ സാർവത്രികമാക്കുന്നതിനും വേണ്ടി തുടങ്ങിയിട്ടുള്ള ഒരു പദ്ധതിയാണ് ഇത്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സാൻസ് സ്കിൽ സ്റ്റേഷനുകൾ സ്ഥാപിക്കുകയും പീഡിയാട്രിഷൻ, മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സുമാർ തുടങ്ങിയവർക്ക് പ്രത്യേകം പരിശീലനം നൽകി ന്യൂമോണിയ നിർമ്മാർജ്ജനം ഇതിലൂടെ ഉറപ്പാക്കാൻ സാധിക്കും.

**ഹോം ബേസ്ഡ് ന്യൂ ബോൺ കെയർ** (HBNC)

ഗ്രാമപ്രദേശങ്ങളിലെ നവജാത ശിശുക്കളുടെ മരണനിരക്ക് കുറയ്ക്കുന്നതിനായി 2011 മുതൽ ഹോം ബേസ്ഡ് ന്യൂ ബോൺ കെയർ നടപ്പിലാക്കി വരുന്നു. ഹോം ബേസ്ഡ് നവജാത ശിശു സംരക്ഷണത്തെ കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 2014 ൽ പരിഷ്കരിച്ചു. നവജാത ശിശുക്കളുടെ മരണനിരക്ക് കുറയ്ക്കുന്നതി

ലൂടെ ഹോം ബേസ്ഡ് നവജാത ശിശു സംരക്ഷണ പദ്ധതി എല്ലാ നവജാത ശിശുക്കളേയും അവരുടെ അമ്മമാരേയും ആദ്യത്തെ 42 ദിവസം വരെ നിർദ്ദിഷ്ഠ ഷെഡ്യൂൾ അനുസരിച്ച് പരിശീലനം ലഭിച്ച ആശ സന്ദർശിച്ചു താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കുന്നു.

• മദർ ചൈൽഡ് പ്രൊട്ടക്ഷൻ (എം.സി.പി) കാർഡിൽ നവജാത ശിശുവിന്റെ ഭാരം രേഖപ്പെടുത്തി എന്ന് ഉറപ്പാക്കുന്നു

• ബി.സിജി, ഒ.പി .വി യുടെ ആദ്യ ഡോസ്, ഡി.പി.ടി വാക്സിനേഷൻ എന്നിവ നൽകിയെന്ന് ഉറപ്പ് വരുത്തുന്നു

• പ്രസവിച്ച് 42 ദിവസം വരെ അമ്മയും നവജാത ശിശുവും സുരക്ഷിതരാണ് എന്ന് ഉറപ്പാക്കുന്നു

• ജനന രജിസ്ട്രേഷൻ നടത്തി എന്ന് ഉറപ്പ് വരുത്തുന്നു

**എച്ച്.ബി.വൈ.സി – കൊച്ചു കുട്ടികൾക്കുള്ള ഹോം അധിഷ്ഠിത പരിചരണം**

ആശ 3 മുതൽ 15 മാസം വരെ പ്രായമുള്ള കുട്ടികളെ സന്ദർശിച്ച് ആരോഗ്യ പോഷണവും കുട്ടികളുടെ വികസനവും ശക്തിപ്പെടുത്തുന്നതിന് കുടുംബത്തെ പിന്തുണയ്ക്കാൻ സഹായിക്കുന്ന പദ്ധതിയാണ്.

• ആദ്യത്തെ സന്ദർശനം – മൂന്ന് മാസത്തിനുള്ളിൽ നടത്തി ആറ് മാസം വരെ പ്രത്യേകമായി മുലയൂട്ടൽ മാത്രം നടത്താൻ അമ്മയ്ക്ക് നിർദ്ദേശം നൽകുക

• ആറ് മാസത്തിനുള്ളിൽ രണ്ടാമത്തെ സന്ദർശനം നടത്തി പൂരക ഭക്ഷണം ആറുമാസത്തിൽ ആരംഭിക്കുകയും മുലയൂട്ടൽ തുടരുകയും ചെയ്യുന്നതിനു നിർദ്ദേശം നൽകുക

• ഒമ്പത് മാസത്തിനുള്ളിൽ മൂന്നാമത്തെ സന്ദർശനം നടത്തി എം.സി.പി കാർഡ് ഉപയോഗിച്ച് കുഞ്ഞിന്റെ വളർച്ചയുടേയും വികാസത്തിന്റേയും നിരീക്ഷണങ്ങൾ നടത്തുക.

• പന്ത്രണ്ട് മാസത്തിനുള്ളിൽ നാലാമത്തെ സന്ദർശനം നടത്തി കുട്ടിയ്ക്ക് കൃത്യ സമയത്ത് വാക്സിനേഷൻ ലഭിച്ചു എന്ന് ഉറപ്പാക്കുക

• പതിനഞ്ച് മാസത്തിനുള്ളിൽ അഞ്ചാമത്തെ സന്ദർശനം നടത്തി എല്ലാ പരിചരണ ദാതാക്കളും സോപ്പ് ഉപയോഗിച്ച് കൈ കഴുകാൻ നിർദ്ദേശം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**അനീമിയ മുക്ത ഭാരത് പദ്ധതി**

അനീമിയ മുക്ത ഭാരത് പദ്ധതിയുടെ ഭാഗമായി അനീമിയ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 18 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് അയൺ ഗുളിക ലഭ്യമാക്കുക, ഒരു കൃത്യമായ ഇടവേളകളിൽ അനീമിയ സ്ക്രീനിംഗ് സ്കൂൾ തലത്തിലും അംഗൻവാടി തലത്തിലും നടത്തുക ഇവയൊക്കെ ഈ പദ്ധതിയുടെ ലക്ഷ്യം.

**അമ്മയും കുഞ്ഞും സൗഹൃദ ആശുപത്രി സംരംഭം** (MBFHI)

ദേശീയ ആരോഗ്യ ദൗത്യം, ഐ.എ.പി കേരള, എൻ.എൻ.എഫ് കേരള, കെ.യു.എച്ച്.എസ്, യൂണിസെഫ്, കെ.എഫ്.ഒ.ജി, ടി.എൻ.എ.ഐ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ആശുപത്രികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സംഘടിപ്പിക്കുന്ന ഒരു സംരഭമാണ് മദർ ആൻഡ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനീഷ്യേറ്റീവ് (MBFHI). മാതൃ ശിശു സൗഹാർദ്ദ ആശുപത്രി എന്നത് ഒരു സർട്ടിഫിക്കേഷൻ പ്രോഗ്രാം ആണ്. ഇതിലൂടെ പ്രസവം നടക്കുന്ന സർക്കാർ മേഖലയിലുള്ള എല്ലാ ആശുപത്രികളേയും മാതൃ ശിശു സൗഹാർദ്ദം ആക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

### ആശാധാര പദ്ധതി

കേരളത്തിലെ ഹിമോഫീലിയ, ഹീമോഗ്ലോബിനോപ്പതി മാനേജ്മെന്റ് പ്രോഗ്രാം പുതിയ ആശധാര പ്രോഗ്രാമിന് കീഴിൽ സമഗ്രമായ വികേന്ദ്രീകൃത ചികിത്സ നൽകുന്നതിനായി പരിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ്. ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗങ്ങളുടെ സമഗ്രമായ ചികിത്സ സർക്കാർ ആശുപത്രികൾ വഴി ഉറപ്പാക്കുക എന്നതാണ് ആശാധാര പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ല തിരിച്ചുള്ള രോഗികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഹിമോഫീലിയ രോഗികളിൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രൊഫൈൽ ആക്സസ് നൽകുക എന്നതും മുതിർന്നവർക്ക് രക്തസ്രാവം ഉണ്ടാകുന്ന മുറയ്ക്ക് അവരുടെ ആവശ്യകത അനുസരിച്ച് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട ചികിത്സാ പ്രോട്ടോക്കോൾ ആധാരമാക്കി സൗജന്യ ചികിത്സ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ രക്തസ്രാവം ഉണ്ടാവുകയും, സംശയിക്കുകയും ചെയ്യുന്ന രോഗി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന മുറയ്ക്ക് അടിയന്തിര ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### ക്ലബ് ഫൂട്ട് ക്ലിനിക്ക്

കുട്ടികൾക്ക് ജന്മനാ തന്നെ കാലുകൾക്ക് ഉണ്ടാകുന്ന ഒരു വൈകല്യമാണ് ക്ലബ് ഫൂട്ട്. ഈ വൈകല്യമുള്ള കുട്ടികളിൽ കാലിന്റെ പാദം ഉള്ളിലേക്ക് തിരിഞ്ഞ് മടങ്ങിയിരിക്കും. ശരിയായി ചികിത്സിച്ചില്ലെങ്കിൽ കുട്ടികൾ വലുതായാൽ നടക്കുമ്പോൾ വൈകല്യമുണ്ടാകും. ഇതിന്റെ ചികിത്സ ജനിച്ചയുടൻ തുടങ്ങാൻ സാധിച്ചാൽ കുട്ടിക്ക് 5 വയസിനകം കാൽ പൂർണമായും സാധാരണ നിലയിലേക്ക് മാറ്റാൻ സാധിക്കും. കോഴിക്കോട് ജില്ലയിൽ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി വടകര, താലൂക്ക് ആശുപത്രി താമരശ്ശേരി എന്നിവടങ്ങളിൽ ക്ലബ് ഫൂട്ട് ക്ലിനിക്ക് പ്രവർത്തിച്ചു വരുന്നു.

### സാമൂഹ്യാധിഷ്ഠിത ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC)

ഭിന്നശേഷിക്കാരുടെ ഉന്നമനം ലക്ഷം വച്ചുകൊണ്ട് കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമഗ്ര ഭിന്നശേഷി ശാക്തീകരണ പദ്ധതിയാണ് എനേബ്ലിംഗ് കോഴിക്കോട്. വൈകല്യങ്ങളെ നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സാ പുനരധിവാസങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് സാമൂഹ്യാധിഷ്ഠിത ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ (Community Based Disability Management Centre) പദ്ധതി ആരംഭിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ സി.എച്ച്.സി ഒളവണ്ണ, സി.എച്ച്.സി നരിക്കുനി, സി.എച്ച്.സി കോടഞ്ചേരി, സി.എച്ച്.സി കുന്നുമ്മൽ, സി.എച്ച്.സി ഉള്ള്യേരി, സി.എച്ച്.സി ഓർക്കാട്ടേരി എന്നിവടങ്ങളിലാണ് സി.ഡി.എം.സി കൾ പ്രവർത്തിച്ച് വരുന്നത്.

### ആരോഗ്യകിരണം

ആർ.ബി.എസ്.കെ, ആർ.എസ്.ബി.വൈ, താലോലം, കാരുണ്യ എന്നിവയുൾപ്പെടെയുള്ള മറ്റ് സർക്കാർ പരിപാടികളിൽ ഉൾപ്പെടാത്ത ആനുകൂല്യങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ നിന്ന് 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി ചികിത്സ വാഗ്ദാനം ചെയ്യുന്ന ഒരു സർക്കാർ പദ്ധതിയാണ് ആരോഗ്യകിരണം.

*സർക്കാർ ഉദ്യോഗസ്ഥരോ ആദായ നികുതിദായകരോ ആയ മാതാപിതാക്കളുടെ കുഞ്ഞുങ്ങൾക്ക് ആരോഗ്യകിരണം ആനുകൂല്യം ലഭിക്കുന്നതല്ല.